പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം,
ജഗതി, തിരുവനന്തപുരം,
ഇ-മെയിൽ- dhsefinc5@gmail.com,
ഫോൺ : 0471-2580734

നം. ഫിൻ സി1/1232/2025/എച്ച്.എസ്.ഇ തീയതി: 07-04-2025

<u>പരിപത്രം</u>

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കൻ്ററി വിഭാഗം- റീക്കൺസലേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നത്- സംബന്ധിച്ച്.

സൂചന : 29/01/2025 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

സൂചന (1) പരിപത്രം പ്രകാരം പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) വകുപ്പിലെ എല്ലാ മേഖല ആഫീസുകളോടും, എല്ലാ എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളോടും അക്കൗണ്ടന്റ് ജനറലിന്റെ വെബ് സൈറ്റ് മുഖേന ഓൺലൈനായി റീക്കൺസലേഷൻ നടപടികൾ പൂർത്തിക്കരിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളും ആർ.ഡി.ഡി ആഫീസുകളും മേൽ നിർദ്ദേശം പാലിച്ചില്ല എന്ന് കാണപ്പെടുന്നു. മേൽ സാഹചര്യത്തിൽ റീക്കൺസലേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തികരിക്കാത്ത എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളും ആർ.ഡി.ഡി ആഫീസുകളും 20/04/2025 തീയതിക്ക് മുമ്പായി അക്കൗണ്ടന്റ് ജനറലിന്റെ വെബ് സൈറ്റ് മുഖേന ഓൺലൈനായി റീക്കൺസലേഷൻ നടപടികൾ പൂർത്തിക്കരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

കൂടാതെ റീക്കൺസലേഷൻ നടപടികൾ എല്ലാ മാസവും ചെയ്യേണ്ട പ്രക്രിയയാതിനാൽ എല്ലാ മേഖല ആഫീസുകളും, എല്ലാ എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളും മുൻമാസത്തെ റീക്കൺസലേഷൻ തൻമാസം 15-ാം തീയതിക്കുള്ളിൽ അക്കൗണ്ടന്റ്

ജനറലിന്റെ വെബ് സൈറ്റ് മുഖേന ഓൺലൈനായി പൂർത്തികരിക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

**സീനിയർ ഫിനാൻസ് ഓഫീസർ**

**To,**

1. എല്ലാ മേഖല ഉപമേധാവിമാർക്കും
2. എല്ലാ എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾക്കും
3. എഡി.എ സെക്ഷൻ

Signed by
Thomas P J
Date: 07-04-2025 12:12:10